പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.219** — **30.11.2015 ൽ മറുപടിയ്ക്ക്**

## നാശോന്മുഖമാകുന്ന പൈപ്പർ എയർക്രാഫ്റ്റ് വിമാനം.

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. കെ.എൻ. എ. ഖാദർ** | **ശ്രീ. കെ. ബാബു (മത്സ്യബന്ധനവും,തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി)** |
| എ) രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയിൽ അമേരിക്കയിൽ നിന്നും കോടികൾ ചെലവഴിച്ച് വാങ്ങിയ പൈപ്പർ എയർ ക്രാഫ്റ്റ് എന്ന വിമാനം ഉപയോഗിക്കപ്പെടാതെ കിടക്കുന്നതായുള്ള വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) പ്രസ്തുത വിമാനം വേണ്ടത്ര പ്രവൃത്തി പരിചയമില്ലാത്ത പൈലറ്റുമാരുടെ അഭാവം കൊണ്ടാണ് ഉപയോഗിക്കാൻ കഴിയാത്തതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) വേണ്ടത്ര പ്രവൃത്തി പരിചയമില്ലാത്ത പൈലറ്റുമാരുടെ അഭാവം കൊണ്ടാണ് വിമാനം ഉപയോഗിക്കാൻ കഴിയാത്തതെന്ന ആക്ഷേപം വസ്തുതാപരമായി ശരിയല്ല. വിമാനത്തിന് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിന്റെ AirworthinessCertificate ലഭിക്കാത്തതുകൊണ്ടാണ് ഉപയോഗിക്കാൻ കഴിയാത്തത്. Airworthiness Certificate ലഭിക്കുന്നതിനുവേണ്ടി വിമാനത്തിന് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറൽ നിഷ്കർഷിക്കുന്ന ചില പരിശോധനകൾ നടത്തേണ്ടതായിട്ടുണ്ട്. ഇത് നടക്കണമെങ്കിൽ ആദ്യം രാജീവ്ഗാന്ധി ഏവിയേഷൻ അക്കാഡമിയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിന്റെ അംഗീകാരം നേടേണ്ടതുണ്ട്. ഇതിന് അക്കാഡമി പുതിയതായി നിർമ്മിച്ച ഹാംഗർ പ്രവർത്തനക്ഷമമാകണം. പുതിയ ഹാംഗറിൽ നിന്നും വിമാനങ്ങൾ എയർപോർട്ടിലേയ്ക്ക് പറക്കുന്നതിനുവേണ്ടിയുള്ള പ്രവേശനകവാടം സുരക്ഷാ കാരണങ്ങളാൽ Airports Authority of India നാളിതുവരെ തുറന്നു തന്നിട്ടില്ല. ഇത് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിന്റെ അഗീകാരം ലഭിക്കുന്നത് വൈകാൻ കാരണമാകുന്നു. Airports Authority of India നിഷ്കർഷിക്കുന്ന സുരക്ഷാ സജ്ജീകരണങ്ങൾ അക്കാഡമി ത്വരിതഗതിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പുതിയ ഹാംഗറിൽ നിന്ന് എയർപോർട്ടിലേയ്ക്ക് |

| | |
|---|---|
| | ലഭിച്ചാലുടൻ വിമാനത്തിന് Airworthiness Certificate ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതമാക്കി വിമാനം പറക്കലിന് സജ്ജമാക്കുന്നതാണ്. |
| സി) എങ്കിൽ ഇപ്രകാരമൊരു വിമാനം വാങ്ങുന്നതിന് മുമ്പ് ഈ സാഹചര്യം വിലയിരുത്താതിരുന്നതിന്റെ കാരണമെന്താണ്; | സി) 2014 ഫെബ്രുവരിയിൽ ഉദ്ഘാടനം നടന്ന പുതിയ ഹാംഗർ സമുച്ചയത്തിന്, വിമാനങ്ങളുടെ പരിശോധനകൾക്കും അറ്റകുറ്റപ്പണികൾക്കും സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിന്റെ അംഗീകാരം ലഭിക്കാത്തതാണ് ഇപ്പോൾ ഉള്ള പ്രതിസന്ധിക്കു കാരണം. ഈ അംഗീകാരം ലഭിക്കണമെങ്കിൽ ഹാംഗറിൽ നിന്നും വിമാനങ്ങൾക്ക് പറക്കുവാനായി വിമാനത്താവളത്തിലേയ്ക്ക് കടക്കുവാനുള്ള പ്രവേശന കവാടം തുറന്നുകിട്ടേണ്ടതുണ്ട്. സുരക്ഷാ കാരണങ്ങൾ കാണിച്ച് Airports Authority of India ഇതുവരെ പ്രവേശന കവാടം തുറന്നു തന്നിട്ടില്ല. പൈപ്പർ വിമാനം തിരുവനന്തപുരത്ത് എത്തുന്ന മുറയ്ക്ക് ഈ പ്രവേശന കവാടം തുറന്നു കിട്ടും എന്നായിരുന്നു അക്കാദമിയുടെ വിലയിരുത്തൽ . ഇതിനു വേണ്ടിയുള്ള നടപടിക്രമങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരികയാണ്. |
| ഡി) ഈ വിമാനം അടിയന്തിര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്നതാണെന്ന കാര്യം കൂടി പരിഗണിച്ച് ഇത് ഉപയോഗക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) വിമാനം പരിശീലന പറക്കലിന് ഉതകുന്നവിധം പ്രവർത്തനക്ഷമമാക്കാനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിനുതക്ക യോഗ്യതയുള്ള പൈലറ്റിനെ നിയമിക്കാനുള്ള നടപടിക്രമങ്ങളും പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ.